പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1684

08-06-2018 ൽ മറുപടിക്ക്

**ജൈവ വൈപ്പിൻ പദ്ധതി**

ചോദ്യം
ശ്രീ.എസ്. ശർമ്മ

മറുപടി
ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ജൈവ വൈപ്പിൻ പദ്ധതി പുനരാരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ജൈവ വൈപ്പിൻ പദ്ധതി പുനരാരംഭിക്കുന്നത് സംബന്ധിച്ച് 04-04-2018 ൽ ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ ചേംബറിൽ മീറ്റിംഗ് കൂടിയിരുന്നു. വീരമ്പുഴയിൽ നിന്നും നീക്കം ചെയ്യുന്ന മണ്ണ് മാറ്റുന്നതിനും തുടർ സംവിധാനത്തിനുമായി, ഡ്രെഡ്ജിംഗ് മെറ്റീരിയൽസ് താൽക്കാലികമായി സൂക്ഷിക്കുന്നതിന് കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ നിന്നും സ്ഥലം ലഭ്യമാക്കുന്നതിനുള്ള അപേക്ഷ കൺസ്ട്രക്ഷൻ എഞ്ചിനീയർ, ആലപ്പുഴ പോർട്ട് ട്രസ്റ്റ് ചെയർമാന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഡ്രെഡ്ജിംഗ് മെറ്റീരിയലിന്റെ രാസ ഭൗതീക ഗുണ നിർണ്ണയത്തിനായി KERI (കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂഷൻ) നെ സമീപിച്ചിട്ടുണ്ട്. ഡ്രെഡ്ജിംഗ് മെറ്റീരിയൽസ് സൂക്ഷിക്കുന്നതിനുള്ള സ്ഥലം ലഭ്യമായതിനു ശേഷവും, മണ്ണിന്റെ നിലവാരം KERI ൽ നിന്ന് ലഭിച്ച ശേഷവും കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ നിന്നും ക്ലിയറൻസ് ലഭിക്കുന്നതിനായുള്ള പവർ പോയിന്റ് പ്രസന്റേഷൻ അവതരിപ്പിക്കുന്നതാണ്. |
| (ബി) | പദ്ധതി എന്നത്തേക്ക് പുനരാരംഭിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്കും ബഹു. ഹൈക്കോടതിയിലെ കേസുകളുടെ ഉത്തരവുകളുടെ അടിസ്ഥാനത്തിലും പദ്ധതി പുനരാരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ